# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 398 | 27.02.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി. ആശയക്കുഴപ്പം നീക്കുന്നതിന് നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.സി.ജോസഫ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ പല ഉല്പന്നങ്ങളുടെയും വില കുറയുമെന്ന സർക്കാർ വാദത്തിന് വിരുദ്ധമായി ഭൂരിപക്ഷം സാധനങ്ങളുടെയും വില കുതിച്ചുയർന്നതിനുള്ള കാരണം എന്താണ്; | (എ), (ബി) & (സി) | നികുതിയ്ക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിനു കൈമാറണം എന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലായതെങ്കിലും ഭൂരിപക്ഷം ഉല്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിനു നല്കിയിട്ടില്ല എന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പരിഹാരമായി നിയമത്തിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. ജി.എസ്.ടി നടപ്പിലായ ആദ്യ മാസത്തിൽ തന്നെ കേരളം ഈ പ്രശ്നം ഗൗരവമായി എടുക്കുകയും ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ നടന്ന 25-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലും സംസ്ഥാനം ഈ പ്രശ്നം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. കൂടാതെ കേരളം ഇതിനകം തന്നെ ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാത്ത 335 ഓളം ഉല്പാദകരുടെയും |
| (ബി) | ചരക്ക് സേവന നികുതി നിലവിൽ വന്നപ്പോൾ, നികുതി കുറഞ്ഞതും ഒഴിവാക്കപ്പെട്ടതുമായ പല സാധനങ്ങൾക്കും വില വർദ്ധിച്ചത് എന്തുകൊണ്ടാണ്; | | |
| (സി) | ഇതു പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചത്; വ്യാപാരി വ്യവസായി സംഘടനകളുമായി ഇക്കാര്യത്തിൽ ചർച്ച നടത്തിയിരുന്നോ; | | |

| | | | |
|---|---|---|---|
| | | | വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. അടുത്തപടിയായി 15.11.2017 മുതൽ പ്രാബല്യത്തിൽ വന്ന നികതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോ യെന്നത് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും വിവരം ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറുന്നതാണ്. ഇന്ധനത്തിന്റെ ദിവസേനയുള്ള വിലവർദ്ധനവും ഉല്പന്നങ്ങളുടെ വില വർദ്ധനവിന് കാരണമായിട്ടുണ്ട്. ഉത്പന്നങ്ങളുടെ വിലനിയന്ത്രണത്തിൽ സംസ്ഥാന സർക്കാരിനുള്ള അധികാരം പരിമിതമാണ്. |
| (ഡി) | ജി.എസ്.ടി. നിലവിൽ വന്നപ്പോൾ വ്യാപാര മേഖലയിൽ ഉണ്ടായ ആശയക്കുഴപ്പം നീക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | (ഡി) | ജി.എസ്.ടി യുമായി ബന്ധപ്പെട്ട ആശയക്കുഴപ്പം പരിഹരിക്കുന്നതിന് വ്യാപാരികൾക്കും വ്യാപാരസംഘടനകൾക്കും കേരളമൊട്ടാകെ വിവിധതരത്തിലുള്ള പഠന ക്ലാസ്സുകൾ വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ട്. വ്യാപാരികളുടെ സംശയനിവാരണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ഡസ്കുകൾ എല്ലാ ജില്ലകളിലും വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിലും പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ പൊതുജനങ്ങളുടെ ബോധവത്കരണത്തിനായുള്ള പരിപാടികളും ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമേ വിവിധ വ്യാപാരി വ്യവസായി സംഘടനകളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട് ജി.എസ്.ടി ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വ്യാപാരികൾക്കും വ്യാപാര സമൂഹത്തിനു ഉണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | ശ്രദ്ധയിൽപ്പെടുത്തി പരിഹാരമുണ്ടാക്കുന്നതിന് സംസ്ഥാന ജില്ലാ തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ഈ കമ്മിറ്റിക്ക് സാധിച്ചിട്ടുണ്ട്. സാധനങ്ങളുടെ വിലവർദ്ധനവുൾപ്പെടെയുള്ള വിഷയങ്ങൾ വിവിധ വ്യാപാരി വ്യവസായി സംഘടനകൾ അംഗങ്ങളായ ഫെസിലിറ്റേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**